# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1701 06/03/2017-ൽ മറുപടിക്ക്

## ഹജ്ജ് തീർത്ഥാടകർക്കായുള്ള ക്ഷേമപദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ? | 2016ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞതിന് ശേഷമാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ (പതിനായിരത്തിലേറെ) ഹാജിമാരെ കൊച്ചിയിലെ താത്ക്കാലിക ഹജ്ജ് ക്യാമ്പ് വഴി യാത്രയാക്കുന്ന വളരെ ശ്രമകരമായ ദൗത്യമാണ് ഈ സർക്കാറിന് മുമ്പിലുണ്ടായിരുന്നത്. സൗദി എയർ ലൈൻസിന്റെ സർവ്വീസിൽ പാളിച്ചകളുണ്ടായിരുന്നിട്ടുപോലും ചെറിയ ഒരു പരാതിക്കുപോലും ഇട നൽകാതെ ഹാജിമാരെ യാത്രയാക്കാൻ സാധിച്ചിട്ടുണ്ട്.<br>2017ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഹജ്ജ് മാർഗ നിർദ്ദേശങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാറുമായും ബന്ധപ്പെട്ട് വരികയാണ്. കൂടാതെ ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് തിരിച്ച് കോഴിക്കോട് വിമാനത്താവളത്തിലേക്ക് തന്നെ മാറ്റുന്നതിനായുള്ള ശ്രമങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിട്ടുണ്ട്. എംബാർക്കേഷൻ കോഴിക്കോടിൽ നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പ് മന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും മറ്റും ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. |

കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25.01.2017 ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യ സഭാ, ലോക് സഭാ എം.പി മാരുടെയും മറ്റു പ്രധാന വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28.02.2017 ൽ നടക്കുന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ ഉടനെ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഹജ്ജ് ക്വാട്ട, ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാറുമായും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഹജ്ജ് ഹൗസിൽ നേരിട്ടു വന്ന മുഴുവൻ ഓൺലൈൻ അപേക്ഷകർക്കും അപ്പോൾ തന്നെ കവർ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹാജിമാരുടെ മുൻ വർഷങ്ങളിലെ കവർ നമ്പർ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിരുന്നു. അക്ക്നോളജ്മെന്റ് രസീത് പോസ്റ്റലായും, എസ്.എം.എസ്സായും അയച്ചു കൊണ്ടിരിക്കുകയാണ് അപേക്ഷകർക്ക് സംശയ ദുരീകരണത്തിന് ഫോൺ മുഖേനയും നേരിട്ടും ബന്ധപ്പെടുന്നതിന് പ്രത്യേക കൗണ്ടറുകൾ ഒരുക്കിയിട്ടുണ്ട്. തിരുത്തലുകളും മാറ്റങ്ങളും വരുത്തുന്നതിന് കംപ്യൂട്ടർ സെക്ഷൻ സജ്ജമാണ്.

സെക്ഷൻ ഓഫീസർ